# 16

# നിർദ്ദേശങ്ങളും പ്രശംസകളും

## കൊലൊസ്സ്യർ 4:7- 9

സഭകൾക്കുള്ള തന്റെ ലേഖനങ്ങളിൽ, പൗലൊസ് അവസാനിപ്പിക്കുന്നത് അന്തിമ നിർദ്ദേശങ്ങളാലാണ്, ചിലപ്പോൾ സഹപ്രവർത്തകരുടെ വന്ദനവും അറിയിച്ചുകൊണ്ടായിരിക്കും. സാധാരണ തന്നോടൊപ്പം ഉണ്ടായിരുന്നതിനേക്കാളധികം വ്യക്തികളെ നമുക്ക് കൊലൊസ്സ്യ ലേഖനത്തിൽ അവൻ പറഞ്ഞിരിക്കുന്നതായി കാണാം. താൻ ലേഖനം കൊടുത്തയച്ച തന്നോടുകൂടെ പ്രവർത്തിച്ചവരെ പ്രശംസിച്ചുകൊണ്ടാണ് അവൻ ആദ്യം എഴുതുന്നത്, അതായത് തിഹിക്കൊസിനെയും ഒനേസിമോസിനേയും (വാ. 7-9). പിന്നെ അവൻ കൊലൊസ്സ്യയിലെ സഹോദരന്മാരെ വന്ദനം അറിയിച്ച ആറുപേരെ കുറിച്ചു പറയുന്നു (വാ. 10-14). ലവൊദിക്യയിലെ സഭക്കും അവൻ വന്ദനം അറിയിച്ചു, പിന്നെ നുംഫെക്കും അവളുടെ വീട്ടിലെ സഭക്കും വന്ദനം അറിയിച്ചു, തുടർന്ന് അർഹിപ്പൊസിന് ഒരു പ്രബോധനവും അറിയിച്ചു (വാ. 14-17). കൊലൊസ്സ്യർക്ക് തന്റെ വ്യക്തിപരമായ വന്ദനം അറിയിച്ചുകൊണ്ടാണ് പൗലൊസ് അവസാനിപ്പിക്കുന്നത് (വാ. 18).

പൗലൊസ് തന്നെയും സഹപ്രവർത്തകരെയും സാധാരണ ക്രിസ്ത്യാനികളിൽനിന്നും ഉയർത്തി കാണിച്ച് അവരെ റെവറെന്റ് എന്നോ മോസ്റ്റ് റെവറെന്റ് എന്നോ പറഞ്ഞില്ല. മനുഷ്യരെ അത്തരത്തിൽ ഉയർത്തി കാണിക്കുന്നതിനെതിരെ യേശു പറഞ്ഞിരിക്കുന്നു (മത്താ. 23:6-12). മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവനാണ് ഏറ്റവും വലിയവൻ എന്ന് അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു. തന്നോടുകൂടെ പ്രവർത്തിച്ചിരുന്നവരെ പൗലൊസ് വിശ്വസ്ത ദാസന്മാർ, സഹ ഭൃത്യന്മാർ, കൂട്ട് ദാസന്മാർ എന്നാണ് വിളിച്ചത് (1:7; 4:7, 12). തന്നോടുകൂടെ പ്രവർത്തിച്ചവരോടുള്ള പൗലൊസിന്റെ മനോഭാവമാണ് അത് വ്യക്തമാക്കുന്നത്, കൂടാതെ അവന് തന്നോടുള്ള മനോഭാവത്തെയും കാണിക്കുന്നു. തന്നോടുകൂടെ പ്രവർത്തിച്ചവരെ “സഹ” ഭൃത്യന്മാർ എന്നു വിശേഷിപ്പിച്ചത് അവനെയും കൂടെ ബാധകമാക്കിയിട്ടാണ്; തന്നെ ഉയർത്തി കാണിക്കുവാൻ പൗലൊസ് തന്റെ പേരിനോടുകൂടെ ഒരു ടൈറ്റിലും ചേർത്തില്ല.

### തിഹിക്കൊസിനെ കുറിച്ച് (4:7, 8)

**7 എന്റെ അവസ്ഥ ഒക്കെയും കർത്താവിൽ പ്രിയ സഹോദരനും വിശ്വസ്ത ശുശ്രൂഷകനുംസഹഭൃത്യനുമായ തിഹിക്കൊസ് നിങ്ങളോട് അറിയിക്കും. 8 നിങ്ങൾ ഞങ്ങളുടെ അവസ്ഥ അറിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി ഞാൻ അവനെ അയക്കുന്നു.**

**“എന്റെ അവസ്ഥ അറിവാനും കർത്താവിൽ പ്രിയ സഹോദരനും വിശ്വസ്ത ശുശ്രൂഷകനും സഹഭൃത്യനുമായ തിഹിക്കൊസിനെ അയക്കുന്നു” (4:7)**

ഈ ലേഖനം കൊടുത്തയക്കുവാൻ പൗലൊസ് രണ്ട് പേരെയാണ് തിരഞ്ഞെടുത്തത്-സ്വതന്ത്രനായ **തിഹിക്കൊസിനേയും** ദാസനായ ഒനേസിമോസിനേയും. ഒരാൾ തനിയെ പോകുന്നതിനേക്കാൾ സുരക്ഷിതത്വം ആസ്വദിക്കാവുന്നതാണ് രണ്ടുപേർ ചേർന്നു പോകുന്നത്. കൂടാതെ പൗലൊസിന്റെ അവസ്ഥ പൂർണ്ണമായി അവതരിപ്പിക്കുവാനും കഴിയുമായിരുന്നു. പരസ്പര സ്നേഹ ബന്ധമാണ് പൗലൊസിനെ കുറിച്ചുള്ള അവസ്ഥ അറിയിക്കുവാനായി ലേഖനം കൊടുത്തയച്ചത്.

തിഹിക്കൊസ് എന്ന പേരിനർത്ഥം “അവസരം” അല്ലെങ്കിൽ “അവിചാരിതമായ” എന്നാണ്, പൗലൊസിന്റെ കൂടെയുള്ളവരിൽ വളരെ കുറച്ചു മാത്രം അറിയപ്പെട്ടവനും ആസ്യക്കാരനുമായിരുന്നു. പ്രവൃത്തികൾ 20:4 ൽ ലൂക്കൊസ് അവനെ വെളിപ്പെടുത്തി എങ്കിലും, അവൻ എവിടെ വെച്ച് പൗലൊസിനോടുകൂടെ ചേർന്നു എന്നു പറയുന്നില്ല. ഒരുപക്ഷെ അവന്റെ മൂന്നാമത്തെ മിഷ്ണറി യാത്രയിൽ മക്കെദോന്യ വഴി മടങ്ങി പോയപ്പോൾ തിഹിക്കോസ് അവനോടു കൂടെ ചേർന്നിരിക്കാം. അവൻ പൗലൊസിന്നും ലൂക്കൊസിനും മുൻപായി, മൂന്നാമത്തെ മിഷ്ണറി യാത്രയിൽ, മക്കെദോന്യ വഴി മടങ്ങി പെന്തെകൊസ്തുനാളിനു മുൻപ് യെരുശലേമിൽ എത്തുവാനായി സോപത്രൊസിനോടും, അരിസ്തർഹോസിനോടും, സെക്കുന്തോസിനോടും, ഗായോസിനോടും, തിമൊഥെയൊസിനോടും കൂടെ പോയിരിക്കാം (പ്രവൃ. 20:16). യെരുശലേമിലെ സഭക്ക് സമ്മാനങ്ങളുമായി പോയപ്പോൾ അവൻ തിഹിക്കോസിനേയും കൂടെ കൂട്ടിയിരുന്നു. യെരുശലേമിലെ സഹോദരന്മാരെ സഹായിക്കുന്നതിന് പൗലൊസ് ശേഖരിച്ച പണം എത്തിച്ചുകൊടുപ്പാൻ പൗലൊസ് തിഹിക്കൊസിനേയും മറ്റുള്ളവരേയും ആണ് അയച്ചത് (പ്രവൃ. 24:17; 1 കൊ. 16:3; 2 കൊ. 8:16-19).

പൗലൊസ് ഈ ലേഖനം എഴുതിയപ്പോൾ, പൗലൊസ് റോമിൽ ആദ്യം തടവിലായിരുന്ന സമയത്ത് തിഹിക്കൊസ് അവനോടൊപ്പം ഉണ്ടായിരുന്നു (എഫെ. 6:21). രണ്ടാമത് അവൻ തടവിലായിരുന്നപ്പോഴും തിഹിക്കൊസ് അവനോടൊപ്പം ഉണ്ടായിരുന്നു (2 തിമൊ. 4:12; തിത്തൊ. 3:12). തിഹിക്കൊസ് എങ്ങനെ റോമിലുള്ള പൗലൊസിനോട് ചേർന്നു എന്നു ലൂക്കൊസ് പറയുന്നില്ല.

പൗലൊസിന് വളരെ മതിപ്പുണ്ടായിരുന്ന വ്യക്തിയായിരുന്നു തിഹിക്കൊസ്, അവനെ കുറിച്ച് പറഞ്ഞത്, **പ്രിയ സഹോദരനും, വിശ്വസ്ത ശുശ്രൂഷകനും, സഹ-ഭൃത്യനും** എന്നാണ്. “പ്രിയ സഹോദരനും വിശ്വസ്ത ശുശ്രൂഷകനും” (എഫെ. 6:21). സഹ ക്രിസ്ത്യാനികളെ പൗലൊസ് പലപ്പോഴും “സഹോദരങ്ങൾ,” “സഹോദരന്മാർ” എന്നാണ് വിളിച്ചിരുന്നത് (1:1, 2; 4:7, 9, 15; 1:1 ന്റെ ചർച്ച നോക്കുക).

ഈ ലേഖനത്തിൽ പൗലൊസ് “പ്രിയ” എന്നു വിശേഷിപ്പിച്ചത് തിഹിക്കൊസിനെയും (4:7), മറ്റു നാലു പേരെയും-എപ്പഫ്രാസ് (1:7), ഒനേസിമോസ് (4:9), ലൂക്കൊസ് (4:14), പിന്നെ യേശുവിനെയും (1:13). ചിലരെ മറ്റുള്ളവരേക്കാൾ കൂടുതൽ സ്നേഹിക്കുന്നത് ശരിയാണോ എന്നു ക്രിസ്ത്യാനികൾ ചിലപ്പോൾ സംശയിക്കാറുണ്ട്. സ്പഷ്ടമായും, കർത്താവും പൗലൊസും അങ്ങനെ

ചെയ്തിട്ടുണ്ട് (അപ്പൊസ്തലനായിരുന്ന യോഹന്നാനോട് യേശുവിനുണ്ടായിരുന്നതായി കാണാം; യോഹ. 20:2; 21:7, 20.)

"വിശ്വസ്ത ദാസൻ" (*പിസ്ടോസ് ഡയാക്കോണോസ്*) "വിശ്വസ്ത ശുശ്രൂഷകൻ" (എൻഐവി) എന്ന് തിഹിക്കൊസിനെ മാത്രമാണ് സംബോധന ചെയ്തത്. "വിശ്വസ്തൻ" എന്നതിനർത്ഥം, "വിശ്വസിക്കാവുന്ന" എന്നും "സമർപ്പിതനായ" എന്നുമാണ്.

തന്റെ ലേഖനം എഫെസൊസിലേക്ക് അയക്കുവാൻ പൗലൊസ് വിശ്വസിച്ച ഒരു ഗൂഢ ദൂതനായിരുന്നു തിഹിക്കൊസ് (എഫെ. 6:21). ഇന്നുള്ളതുപോലെയുള്ള ആധുനിക പോസ്റ്റൽ സെർവീസ് അന്നു പൗലൊസിന് ഉണ്ടായിരുന്നില്ല. അതുകൊണ്ട്, തന്റെ ലേഖനങ്ങൾ കൊടുത്തയക്കുവാൻ അവൻ ആശ്രയിച്ചത് വിശ്വസ്തരായ വ്യക്തികളെയാണ് എഫെസൊസിൽ പ്രവർത്തിച്ചിരുന്ന തിമൊഥെയൊസിനെ സഹായിപ്പാനും ആശ്വസിപ്പിപ്പാനുമായി പിന്നീട് പൗലൊസ് തിഹിക്കൊസിനെ അയക്കുന്നുണ്ട് (2 തിമൊ. 4:12). തിഹിക്കൊസിനെയോ അർത്തെമാസിനെയോ ക്രേത്തയിലേക്ക് അയച്ച്, അവിടെനിന്നു തിത്തൊസിനെ പൗലൊസിനൊപ്പം ശീതകാലം കഴിപ്പാൻ നിക്കൊപ്പൊലിയിലേക്കു കൊണ്ടുവരുവാൻ പൗലൊസ് ആലോചിച്ചിരുന്നു (തിത്തൊ. 3:12)

"ദാസൻ" (*ഡയാക്കോണോസ്*) "ശുശ്രൂഷകൻ" "ഡീക്കൺ" എന്നും തർജിമ ചെയ്യാം. സാങ്കേതികമായി ആ വാക്ക് ഡീക്കണിന്റെ പ്രവൃത്തിയെ ഉദ്ദേശിച്ച് മൂന്നു പ്രാവശ്യം പൗലൊസ് ഉപയോഗിച്ചിരിക്കുന്നു (ഫിലി. 1:1; 1 തിമൊ. 3:8, 12). അല്ലെങ്കിൽ, ഇവിടെ പറഞ്ഞിരിക്കുന്നതുപോലെ, ശുശ്രൂഷിക്കുന്നവർ അല്ലെങ്കിൽ സേവിക്കുന്നവർ എന്ന അർത്ഥത്തിലും ആകാം. അവന് സേവനത്തിനുള്ള ഏത് അവസരം നൽകിയാലും അത് വിശ്വസ്തതയോടെ ചെയ്യും എന്നാണ് പൗലൊസ് അർത്ഥമാക്കിയത്.

പൗലൊസ് "സഹ-ഭൃത്യൻ" (*സുണ്ഡൗലൊസ്*) എന്ന വാക്ക് എപ്പഫ്രാസിനെയും തിഹിക്കൊസിനെയും വിശേഷിപ്പിച്ച് ഉപയോഗിച്ചിരിക്കുന്നു. അത് ഒരു സംയുക്ത വാക്കാണ്: *സൺ*, "കൂടെ," എന്നും *ഡൗലൊസ്*, "അടിമ" എന്നുമാണ്. യേശു ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്താ. 18:28; 24:49), യോഹന്നാനും ഉപയോഗിച്ചിട്ടുണ്ട് (വെളി. 6:11; 19:10; 22:9). പൗലൊസ് തന്നെ യേശുവിന്റെ ദാസനായിട്ടാണ് കണ്ടിരുന്നത്, തിഹിക്കൊസിനെ കർത്താവിൽ സഹ ഭൃത്യനായും ആണ് അവൻ കണക്കാക്കിയത്. മറ്റു ക്രിസ്ത്യാനികളെ എന്നപോലെ, പൗലൊസിനേയും തിഹിക്കൊസിനേയും യേശു ക്രൂശിൽ ചിന്തിയ രക്തത്താൽ വീണ്ടെടുത്തതുകൊണ്ട്, അവർ അവനുള്ള ദാസന്മാരായി തീർന്നു.

ഒരേ അർത്ഥമാണുള്ളതെങ്കിലും, "ക്രിസ്തുവിൽ" എന്ന പ്രയോഗം ഉപയോഗിച്ചതിനേക്കാൾ കുറവായിട്ടാണ് **കർത്താവിൽ** എന്ന പ്രയോഗം പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് (1:2, 4, 28; 2:5). തിഹിക്കൊസ് "കർത്താവിൽ" ആയിരുന്നതുകൊണ്ട്, അവൻ പുതിയ സൃഷ്ടിയായി, വിശ്വാസ സമൂഹമായ, ഏകശരീരമായ സഭയിലായിരുന്നു. തിഹിക്കൊസ് തന്നോടുകൂടെ യാത്ര ചെയ്ത് തന്നെ ശുശ്രൂഷിക്കുന്ന വ്യക്തി മാത്രമായിരുന്നില്ല, സഹ വിശ്വാസികൂടെ ആണെന്ന് അവൻ കൊലൊസ്യരെ ബോധ്യപ്പെടുത്തുകയായിരുന്നു.

**“നിങ്ങൾ ഞങ്ങളുടെ അവസ്ഥ അറിവാനും അവൻ നിങ്ങളുടെ ഹൃദയങ്ങൾ ആശ്വസിപ്പിപ്പാനുമായി അവനെ അയക്കുന്നു” (4:8)**

**അയക്കുന്നു** (*എപെംസാ*) പൂർത്തിയാക്കിയ പ്രവൃത്തിയെ കാണിക്കുന്നു. തന്റെ ലേഖനം വായിക്കുന്ന ആളുകളുടെ കാഴ്ച്ചപ്പാട് അനുസരിച്ചായിരുന്നു പൗലൊസ് എഴുതിയത്. പൗലൊസ് ലേഖനം എഴുതിയശേഷം “ഞാൻ അവനെ അയക്കുന്നു” എന്ന വർത്തമാന കാല ക്രിയയാണ് ഉപയോഗിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾ ലേഖനം വായിക്കുമ്പോഴും തിഹിക്കൊസ് കൊലൊസ്യയിൽ തന്നെ ഉണ്ടായിരുന്നിരിക്കണം. അക്കാരണത്താൽ സ്വന്ത കാഴ്ച്ചപ്പാടിൽ എഴുതാതെ അവരുടെ കാഴ്ച്ചപ്പാടിലാണ് അവൻ എഴുതിയത്.

തിഹിക്കൊസിനെ അവിടെ അയക്കുവാനുള്ള കാരണങ്ങളിൽ ഒന്ന് [അവരുടെ] **ഹൃദയങ്ങളെ ആശ്വസിപ്പിക്കുക** എന്നതായിരുന്നു. *പാരാ* “കൂടെ” എന്നും *കലെയോ* “വിളിക്കുക” എന്നും ചേർന്നുള്ള സംയുക്ത വാക്ക് (*പാരാകലെയോ*) ആണ് “ആശ്വസിപ്പിക്കുക” എന്നതിന് ഉപയോഗിച്ചത്. ആരെയെങ്കിലും അരികിൽ നിൽക്കുവാൻ വിളിക്കുക എന്നതാണ് അടിസ്ഥാന അർത്ഥം, അതായത്, ശക്തമായ അപേക്ഷ (പ്രവൃ. 16:39; 28:20; റോമർ. 12:1; 1 കൊ. 1:10). ധൈര്യപ്പെടുത്തുക, പ്രോൽസാഹിപ്പിക്കുക, ആശ്വസിപ്പിക്കുക എന്നാണ് വിവക്ഷ (2 കൊ. 1:4; 7:6; കൊലൊ. 2:2; 4:8). ആ വാക്കിന്റെ മറ്റൊരു വകഭേദമാണ് *പാരാക്ലേറ്റൊസ്*, അത് പരിശുദ്ധാത്മാവുമായുള്ള ബന്ധത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (യോഹ. 14:16, 26; 15:26; 16:7) യേശുവിനെ കുറിച്ചു പറയുവാനും ഉപയോഗിച്ചിരിക്കുന്നു (1 യോഹ. 2:1), അർത്ഥം സഹായത്തിനായി അടുത്തു നിൽക്കുന്ന കാര്യസ്ഥൻ എന്നാണ്.

## ഒനേസിമോസിനെ കുറിച്ച് (4:9)

**9 ഞാൻ അവനെ നിങ്ങളിൽ ഒരുത്തനായ ഒനേസിമോസ് എന്ന വിശ്വസ്തനും പ്രിയനുമായ സഹോദരനോടുകൂടെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇവിടത്തെ അവസ്ഥ എല്ലാം അവർ നിങ്ങളെ അറിയിക്കും.**

**“നിങ്ങളിൽ ഒരുത്തനായ ഒനേസിമോസ് എന്ന വിശ്വസ്തനും പ്രിയനുമായ സഹോദരനോടൊപ്പം അയക്കുന്നു” (4:9)**

ഒനേസിമൊസ് തിഹിക്കൊസിനൊപ്പം ആയിരുന്നു. ആ വാക്ക് അക്ഷരികമായി തർജിമ ചെയ്യാവുന്നത് “പ്രയോജനമുള്ള,” അല്ലെങ്കിൽ “ഉപയോഗമുള്ള” എന്നാണ്. ഒനേസിമോസ് മുൻപ് തന്റെ യജമാനന് “പ്രയോജനം” അല്ലെങ്കിൽ “ഉപയോഗം” ഇല്ലാത്തവനായിരുന്നു എങ്കിലും ഇപ്പോൾ അവൻ തനിക്കും അവന്റെ യജമാനനും “പ്രയോജനവും” “ഉപയോഗവും” ഉള്ളവൻ എന്നാണ് പൗലൊസ് അവനെ കുറിച്ച് പറഞ്ഞിരിക്കുന്നത് (ഫിലെ. 11, 20). അവന്റെ പേർ അന്ന് ദാസന്മാർക്കിടയിൽ സാധാരണയായിരുന്നു. അക്കാരണത്താൽ ഫിലെമോന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ഇവൻ തന്നെയാണെന്ന് ചിലർ സംശയിക്കുന്നു. അവൻ മിക്കവാറും ഫിലോമോനുള്ളവനായിരിക്കാം കാരണം പൗലൊസിന്റെ ലേഖനത്തിൽ ആദ്യം ഫിലെമോന്റെ പേർ പറഞ്ഞിരിക്കുന്നു, അത് അവനെ ഉദ്ദേശിച്ച് എഴുതി എന്നു പ്രാഥമികമായി

കരുതപ്പെടുന്നു. അവൻ അപ്പിയയുടേയും അർഹിപ്പൊസിന്റേയും ദാസനായിരുന്നു എന്നും ഫിലെമോന്റെ ലേഖനം അവർക്കു കൂടെ എഴുതപ്പെട്ടു എന്നും കരുതപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് അത് (ഫിലെ. 2).

തിഹിക്കൊസിൽനിന്നു വ്യത്യസ്തമായി, ഒനേസിമോസിനെ എഫെസ്യ ലേഖനത്തിൽ ഒരു "ദാസൻ" എന്നാണ് വിശേഷിപ്പിച്ചത് (4:7 നോക്കുക; എഫെ. 6:21). അവൻ സുവിശേഷപ്രവർത്തകനാകാതെ ഒരു വിശ്വസ്ത ക്രിസ്ത്യാനിയായിരുന്നതുകൊണ്ടാകാം അങ്ങനെ പറഞ്ഞത്-അല്ലെങ്കിൽ അവൻ ഒരു ഭൗതിക യജമാനന്റെ ദാസനായി അവൻ അറിയപ്പെടുവാൻ പൗലൊസ് ആഗ്രഹിക്കാഞ്ഞതിനാലുമായിരിക്കാം.

ഒനേസിമോസിനെ കൊലൊസ്യർ അറിഞ്ഞിരുന്നത് ഒളിച്ചോടി പോയ ദാസനായിട്ടായിരുന്നു, അല്ലാതെ ഒരു ക്രിസ്ത്യാനിയായത് അവർ അറിഞ്ഞിരുന്നില്ല (ഫിലെ. 10–20). അവിശ്വസ്തനായിരുന്ന ഒനേസിമോസ് **വിശ്വസ്തനും പ്രിയ സഹോദരനുമായി മാറി** എന്നായിരുന്നു പൗലൊസ് അവനെ കുറിച്ച് പറഞ്ഞത്. മറ്റു ക്രിസ്ത്യാനികളെ കുറിച്ചു പറയുന്നതുപോലെ തന്നെ പൗലൊസ് അവനെ കുറിച്ചു പറഞ്ഞത് അവനെ ആദരിക്കത്തക്കതായിരുന്നു. മറ്റു സഹോദരന്മാരോട് കാണിക്കുന്ന അതേ സ്നേഹം യജമാനന്മാരും, ദാസന്മാരും, സ്വതന്ത്രരും തമ്മിൽ ഉണ്ടാകേണം എന്ന ഊന്നലായിരിക്കാം ഒരുപക്ഷെ പൗലൊസ് ഇവിടെ പ്രകടമാക്കുന്നത്.

പൗലൊസ് റോമിൽ തടവിലായിരുന്നപ്പോൾ പരിവർത്തനം ചെയ്തവനായിരുന്നു ഒനേസിമോസ്. അവന്റെ പ്രസ്താവനയിൽനിന്ന് ആ വസ്തുത തെളിവാകുന്നു "തടവിലിരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകനായ ഒനേസിമോസിന്ന് വേണ്ടിയാകുന്നു നിന്നോട് അപേക്ഷിക്കുന്നത്" (ഫിലെ. 10). അവന്റെ സഹായം പൗലൊസിനു തേടാമായിരുന്നു എങ്കിലും, യജമാനന്റെ സമ്മതം കൂടാതെ അത് ചെയ്യുവാൻ ആഗ്രഹിച്ചില്ല, അതിനാൽ അവനെ യജമാനന്റെ അടുക്കലേക്ക് മടക്കി അയച്ചു. അവനെ അയച്ച് ഫിലെമോനുള്ള ലേഖനത്തിൽ ആവശ്യപ്പെട്ടത് അവനെ ഒരു ദാസനായി സ്വീകരിപ്പാനല്ല, മറിച്ച് കർത്താവിൽ പ്രിയ സഹോദരനായി കരുതുവാനായിരുന്നു. ഒനേസിമോസ് അവിടെനിന്ന് ഓടിപ്പോയപ്പോൾ, പണം എന്തെങ്കിലും എടുത്തുകൊണ്ടു പോയതിനാലോ, അവന്റെ അസാന്നിധ്യം നിമിത്തമോ ഉണ്ടായിട്ടുള്ള വരുമാന നഷ്ടം തന്നു തീർത്തുകൊള്ളാം എന്ന് പൗലൊസ് ഉറപ്പ് നൽകിയിരുന്നു (ഫിലെ. 18, 19). ഫിലെമോന്നുള്ള ലേഖനം സൂക്ഷിക്കപ്പെട്ടത് ഒനേസിമോസ് സ്വതന്ത്രനാക്കപ്പെട്ടു എന്നാണ് സൂചിപ്പിക്കുന്നത്.

പൗലൊസ് ഒനേസിമോനെ "എന്റെ മകൻ," "എനിക്ക് ... പ്രയോജനമുള്ളവൻ," "എനിക്ക് പ്രാണപ്രിയൻ," "പ്രിയ സഹോദരൻ" എന്നെല്ലാം അനുമോദിച്ചിട്ട് പറഞ്ഞു, "നിനക്കു പകരം [അവനെ] എന്നെ ശുശ്രൂഷി [പ്പാൻ] ... എന്റെ അടുക്കൽ നിറുത്തുവാൻ [എനിക്ക്] ആഗ്രഹമുണ്ടായിരുന്നു" (ഫിലെ. 10–13, 16). "വിശ്വസ്തനും പ്രിയ സഹോദരനും" എന്ന പ്രയോഗത്താൽ, കൊലൊസ്യർ ഒനേസിമോസിനെ അവരുടെ കൂട്ടായ്മയിലേക്കു സ്വീകരിക്കേണ്ടത് ഓടിപ്പോയ ഒരു ദാസനായിട്ടല്ല, പിന്നെയോ ക്രിസ്തുവിലുള്ള ഒരു സഹോദരൻ എന്ന നിലക്കായിരുന്നു. ഒരിക്കൽ അവൻ ഓടിപ്പോയവനായിരുന്നു എങ്കിലും ഇപ്പോൾ അവർക്ക് അവനെ വിശ്വസിക്കാമെന്നായി. ദാസന്മാരും സ്വതന്ത്രരും ഒരേപോലെ ദൈവമക്കളായി തീർന്നു (ഗലാ. 3:26–28).

[തങ്ങളിൽ] **ഒരുത്തനായിരുന്നു** ഒനേസിമോസ് എന്ന് കൊലൊസ്യർക്ക്

അവനെ അറിയാമായിരുന്നു. ഒനേസിമോസിന്റെ യജമാനനായ-മുമ്പിലത്തെ യജമാനനായ-ഫിലെമോനും കൊലൊസ്യക്കാരനായിരുന്നേക്കാം എന്നായിരിക്കാം പൗലൊസ് അർത്ഥമാക്കിയത്. ഫിലെമോൻ കൊലൊസ്യയിലായിരുന്നു താമസിച്ചിരുന്നതെങ്കിൽ, വന്ദനം അറിയിച്ചവരുടെ ലിസ്റ്റിൽ എന്തുകൊണ്ട് അവന്റെ പേർ ഉൾപ്പെടുത്തിയില്ല? അവന്റെ പേർ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം അവനും ഫിലെമോനുള്ള വ്യക്തിപരമായ എഴുത്തും കൊടുത്ത് ആ യാത്രയിൽ ഉണ്ടായിരുന്നതുകൊണ്ടാണെന്ന് ചിലർ കരുതുന്നു.

### "ഇവിടത്തെ അവസ്ഥ എല്ലാം അവർ നിങ്ങളെ അറിയിക്കും" (4:9)

ലേഖനം കൊടുത്തു തിഹിക്കൊസിനെ കൊലൊസ്യയിലേക്ക് അയക്കുവാൻ പൗലൊസിന് രണ്ടു കാരണങ്ങളുണ്ടായിരുന്നു: പൗലൊസിന്റെ വായനക്കാരെ ആശ്വസിപ്പിപ്പാനും ലൂക്കസ് വാലിയിലെ അവന്റെ അവസ്ഥ സഹോദരന്മാരെ അറിയിക്കുന്നതിനുമായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. റോമിലെ പൗലൊസിന്റെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്ന് പറയുവാൻ ലേഖനം കൊണ്ടുവരുന്നവരുടെ പേർ ആദ്യം അപ്പൊസ്തലൻ പറഞ്ഞു. കൊലൊസ്യയിലുള്ളവർ പൗലൊസ് അവിടെ തടവിലാണെന്ന് മാത്രം അറിഞ്ഞിരിക്കാം, അവിടത്തെ അവന്റെ അവസ്ഥയെ കുറിച്ച് അവർക്ക് കൂടുതലൊന്നും അറിവുണ്ടായിരിക്കയില്ല. തടവിലാണെങ്കിലും, പൗലൊസിന്റെ ധൈര്യവും, വിജയവും, അവരെ തീർച്ചയായും ആശ്വസിപ്പിക്കും. സന്ദേശവാഹകരുടെ ലക്ഷ്യം എന്തെന്ന് പൗലൊസ് മൂന്നു പ്രാവശ്യം പറഞ്ഞു. ആദ്യം അവൻ പറഞ്ഞു, "തിഹിക്കൊസ് ... നിങ്ങൾക്ക് വിവരം കൊണ്ടുവരും" (4:7). പിന്നെ തിഹിക്കൊസിനെ അയക്കുമെന്ന് പറഞ്ഞ്, "ഉദ്ദേശം ഇവിടത്തെ അവസ്ഥ നിങ്ങളെ ബോധ്യപ്പെടുത്തും" എന്ന് രേഖപ്പെടുത്തി (4:8). മൂന്നാമതായി അവൻ പറഞ്ഞു, **അവർ** [തിഹിക്കൊസും ഒനേസിമോസും] **ഇവിടത്തെ അവസ്ഥ ഒക്കെയും അറിയിക്കും**.

ലേഖനത്തിൽ പൗലൊസ് തന്റെ അവസ്ഥ പരസ്യമാക്കുവാൻ ആഗ്രഹിച്ചില്ല. തടവിലെ അനിഷ്ട സംഭവങ്ങൾ പരസ്യമാക്കിയെന്നറിഞ്ഞാൽ അവന് അപടകരമായ പെരുമാറ്റം നേരിടേണ്ടിവരുമെന്ന കാരണത്താലാണ് അതെന്ന് ചിലർ പറയുന്നു. എങ്ങനെയായാലും, അത്തരം കാഴ്ച്ചപ്പാട് അസ്ഥാനത്താണ്, കാരണം അവനു റോമാ തടവിൽ നല്ല പെരുമാറ്റമായിരുന്നു ലഭിച്ചത്. ലൂക്കൊസ് എഴുതി, "റോമയിൽ എത്തിയശേഷം തനിക്കു കാവലായ പടയാളിയോടുകൂടെ വേറിട്ടു പാർപ്പാൻ പൗലൊസിന്നു അനുവാദം ലഭിച്ചു" (പ്രവൃ. 28:16). "അവൻ കൂലിക്കു വാങ്ങിയ വീട്ടിൽ രണ്ടു സംവൽസരം മുഴുവൻ പാർത്തു തന്റെ അടുക്കൽ വരുന്നവരെ ഒക്കെയും കൈക്കൊണ്ടു പൂർണ്ണപ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെ കുറിച്ച് ഉപദേശിച്ചും പോന്നു" (പ്രവൃ. 28:30, 31).

തീർച്ചയായും, ഒരു ലേഖനത്തിൽ പ്രായോഗികമായി എഴുതുവാൻ കഴിയുന്ന വിവരങ്ങൾ ഒക്കെ എഴുതുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. അവർ ലേഖനം വായിച്ച് കേട്ട് കഴിഞ്ഞ് ഗുണഭോക്താക്കൾക്ക് എന്തെങ്കിലും അറിയുവാനുണ്ടെങ്കിൽ അവർക്ക് പൗലൊസിനോട് ചോദ്യവും ചോദിക്കാമായിരുന്നു. തന്റെ സാഹചര്യത്തിന്റെ മുഴുവൻ വിവരവും തിഹിക്കൊസ് അറിയിക്കും എന്നാണ് എഫെസ്യർക്ക് ലേഖനം എഴുതിയപ്പോൾ പൗലൊസ്

പറഞ്ഞത് (എഫെ. 6:21).

പൗലൊസ് വീട്ടു തടങ്കലിലായിരുന്നതിനാൽ, ജയിലറയിൽ അടെക്കപ്പെടുന്നതിനേക്കാൾ അവന്റെ സാഹചര്യം നന്നായിരുന്നു. തടവിൽ അസഹനീയമായ അവസ്ഥ നേരിട്ടുകൊണ്ടിരിക്കുകയായിരിക്കുമെന്ന കൊലൊസ്യരുടെ മനസ് തിഹിക്കൊസിന്റേയും ഒനേസിമോസിന്റേയും വിവരങ്ങൾ ആശ്വസിപ്പിക്കുമായിരുന്നു. ആ സന്ദേശ വാഹകർ ക്രിസ്ത്യാനികളെ പൗലൊസിന് സംഭവിച്ചത് "എല്ലാം" (*പാന്റ*, "മുഴുവനും") അറിയിക്കുമെന്നാണ് പറഞ്ഞത്-പൗലൊസ് അനുഭവിച്ചത് എല്ലാം അല്ല, അവർ അറിയേണ്ടത് എല്ലാം എന്നർത്ഥം.

പൗലൊസിനെ പോലെ തിഹിക്കൊസും ഒനേസിമോസും ദൈവശ്വാസിയരായിരുന്നില്ല, അതുകൊണ്ടാണ് വായ് മൊഴിയായി അറിയിക്കുവാൻ അനുവദിക്കാതെ ലേഖനം എഴുതി കൊടുത്തയച്ചത്. കൊലൊസ്യർ ഉപദേശ പ്രകാരം ജീവിക്കുവാൻ വീണ്ടും വീണ്ടും അവരെ ഓർപ്പിക്കുകയായിരുന്നു. അവർക്കും അടുത്ത തലമുറക്കുമായി ആ വലിയ സന്ദേശം സൂക്ഷിപ്പാനായി ലേഖനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

ഈ ലേഖനത്തിന്റെ അവസാന ഭാഗത്ത് ഉത്തരം ലഭിക്കാത്ത നിരവധി ചോദ്യങ്ങൾ നമുക്ക് ചോദിക്കുവാൻ കഴിയും. ഉദാഹരണമായി, ഫിലെമോനും അപ്പിയയും (ഫിലെ. 1, 2) കൊലൊസ്യയിൽ താമസിച്ചിരുന്നു, ഒനേസിമോസ് മുൻപ് താമസിച്ചിരുന്നത് അവിടെയായിരുന്നു, പൗലൊസ് എന്തുകൊണ്ട് അവരെ വന്ദനം അറിയിച്ചില്ല? മർക്കൊസിനെ കുറിച്ച് നിർദ്ദേശങ്ങൾ നൽകിയത് എന്തിനാണെന്ന് ഇന്നത്തെ ആധുനിക വായനക്കാർ സംശയിച്ചേക്കാം, കൊലൊസ്യർക്ക് വേണ്ടി എപ്പഫ്രാസ് അനുഭവിച്ച പ്രതിസന്ധികൾ, പ്രത്യേകമായി നുംഫയെ കുറിച്ച് പ്രതിപാദിച്ചത്, ലവുദിക്യക്കാർക്ക് ലേഖനം കൈമാറുവാൻ പറഞ്ഞത്, അർഹിപ്പൊസിനു കൊടുത്തയച്ച പ്രബോധനം തുടങ്ങി നിരവധി സംശയങ്ങൾ ജനിച്ചേക്കാം. ആ ചോദ്യങ്ങളെല്ലാം മർമ്മമായി അവശേഷിക്കുമെങ്കിലും, ആർക്ക് വേണ്ടി പൗലൊസ് ആദ്യം ലേഖനം എഴുതിയോ? അവർക്ക് അവൻ പറഞ്ഞതെല്ലാം തീർച്ചയായും മനസിലായിരിക്കും.

## പ്രായോഗികത

### സഹോദരന്മാരെ വിവരമറിയിക്കൽ

കൊലൊസ്യർക്കുള്ള ലേഖനത്തിൽ, പൗലൊസ് വ്യക്തിപരമായ കാര്യങ്ങളൊന്നും എഴുതിയില്ല. തിഹിക്കൊസും ഒനേസിമോസും കൊലൊസ്യയിലെത്തിയപ്പോൾ, അവർ അവിടത്തെ സാഹചര്യങ്ങളും പ്രവൃത്തികളും അവരെ അറിയിക്കുമായിരുന്നു. തന്റെ വിശ്വസ്തരായ സന്ദേശവാഹകരെ അയച്ചത് അവർ വിവരങ്ങളെല്ലാം അറിയിക്കും എന്നുള്ളതിനാലായിരുന്നു.

താൻ എങ്ങനെയിരിക്കുന്നു എന്ന് കൊലൊസ്യർ അറിയണമെന്ന് പൗലൊസ് ആഗ്രഹിക്കുവാൻ കാരണം എന്തായിരുന്നു? തനിക്ക് വേണ്ടിയുള്ള പ്രാർത്ഥനയിൽ അവർ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ അവർ അറിയണമെന്നതിനും, സുവിശേഷ വ്യാപ്തി എങ്ങനെ പുരോഗമിക്കുന്നു എന്നറിയുന്നതിനും, കർത്താവിനു വേണ്ടി കഠിനാദ്ധ്വാനം നടത്തുവാനുള്ള മാതൃക അറിയുവാനും, ദൈവവചനം അറിയിച്ചതിന്റെ വിജയത്തിൽ അവരും അവനോടൊപ്പം സന്തോഷിക്കേണ്ടതിനും സാധ്യതയുണ്ട്. അവന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ അവർ അത് അയച്ചുകൊടുക്കേണ്ടതിന്നും, അല്ലെങ്കിൽ അവർ തിരിച്ച്

അവനു ആശ്വാസം പകരുന്ന സന്ദേശം അറിയിക്കേണ്ടതിനും ആയിരിക്കാം. ഇവയെല്ലാമാണ് ഇന്ന് ഇടവകകൾ മിഷ്ണറിമാർക്ക് വേണ്ടി പ്രാർത്ഥനയിൽ ഉൾപ്പെടുത്തേണ്ട ചില കാര്യങ്ങൾ.

സുവിശേഷ വിവരങ്ങൾ പ്രാധാന്യമുള്ളവയാണ്. മിഷ്ണറിമാരുടെ സാഹചര്യങ്ങൾ മറ്റു ക്രിസ്ത്യാനികൾ മനസിലാക്കുകയും, ആശയവിനിമയത്തിന് സമർപ്പിതരായ പുരുഷന്മാരെ തിരഞ്ഞെടുക്കുകയും വേണം.

*ഇടവകകൾക്ക് മിഷൻ വിവരങ്ങൾ ആവശ്യമാണ്.* അംഗങ്ങളെ അത് അറിയിച്ചാൽ, അവർക്ക് മിഷൻ പ്രവർത്തനങ്ങളിൽ താൽപര്യം ജനിക്കും. എന്തു സംഭവിക്കുന്നു എന്ന് അവർക്ക് അറിയാവുന്നതുകൊണ്ട്, അവരുടെ പ്രാർത്ഥനയിൽ അതെല്ലാം ഉൾപ്പെടുത്തുവാൻ കഴിയും.

തന്റെ മിഷ്ണറി യാത്രക്കു ശേഷം പൗലൊസ് അന്ത്യോക്യയിലേക്ക് മടങ്ങി വന്നു, അവിടെയാണ് അവൻ ആരംഭിച്ചത്. പൗലൊസ് തന്റെ മിഷ്ണറി യാത്രക്കു ശേഷം മടങ്ങി വന്നതായി ലൂക്കൊസ് എഴുതി അറിയിച്ചു, “അവർ എത്തിയ ശേഷം, സഭയെ ഒരുമിച്ചു കൂട്ടി, ദൈവം തങ്ങളോടുകൂടി ഇരുന്നു ചെയ്തതൊക്കെയും ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തതും അറിയിച്ചു” (പ്രവൃ. 14:27).

തങ്ങളെ സാമ്പത്തികമായി സഹായിച്ചിരുന്നവർ തങ്ങളുമായി ആശയവിനിമയം നടത്താതിരുന്നതിനാൽ ചില മിഷ്ണറിമാർ നിരാശയിലായിരുന്നു. മിഷൻ മേഖലയിൽ പ്രവർത്തിക്കുന്നവരും അവരുമായി ബന്ധമുള്ള സ്വന്ത ഇടവകയുമായി അഭേദ്യമായ ബന്ധം പുലർത്തിയിരിക്കണം.

*മിഷ്ണറിമാരുടെ സാഹചര്യങ്ങളും അവരുടെ പ്രവർത്തനങ്ങളും മനസിലാക്കുക എന്നത് ഒരു മുൻഗണനയായിരിക്കണം.* പ്രവർത്തനം നന്നായി നടക്കുമ്പോൾ അവർ അത് മറ്റുള്ളവരുമായി പങ്കിടണം. ബുദ്ധിമുട്ടുകളും പ്രതിസന്ധികളും നേരിടുമ്പോൾ, അവർക്ക് പ്രത്യേക സഹായവും പ്രോൽസാഹനവും ആവശ്യമാണ്, ചിലപ്പോൾ അത് അറിയിച്ചില്ലെന്നുവരാം. പിന്തുണക്കുന്ന ഉത്തരവാദിത്തമുള്ള ഇടവകകൾ അവരുടെ മിഷ്ണറിമാരുടെ മേൽ എപ്പോഴും ശ്രദ്ധിക്കണം.

*ഇടവകകൾക്കും മിഷ്ണറിമാർക്കുമിടയിൽ സന്ദേശ വാഹകരാകുവാൻ വിശ്വസ്തരായ പുരുഷന്മാരെ തിരഞ്ഞെടുക്കണം.* കഴിയുമെങ്കിൽ, മൂപ്പന്മാർ ചുരുങ്ങിയത് വർഷത്തിൽ ഒരിക്കലെങ്കിലും, ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ അവലോകനം നടത്തുവാൻ പുരുഷന്മാരെ അയച്ച് പ്രവർത്തകരെ ഉത്തേജിപ്പിക്കണം. എഴുത്തുകളും, ഫോൺവിളിയും, ഈ-മെയിൽ സന്ദേശങ്ങളും സഹായകരമാണെങ്കിലും, അവയൊന്നും സന്ദർശകരുടെ സാന്നിധ്യത്തിനു പകരം ആകുകയില്ല.

തന്റെ സാഹചര്യങ്ങളും അവസ്ഥയും വിവരിച്ച് ലേഖനം മാത്രം പൗലൊസിന് അയക്കാമായിരുന്നു, പക്ഷെ അതിനോടൊപ്പം വിശ്വസ്തരായ ആളുകളുടെ നേരിട്ടുള്ള വായ്മൊഴി കൂടെ ലഭിക്കുമ്പോൾ അതിനു ശക്തി ഏറും. വ്യക്തിപരമായി നൽകുന്ന റിപ്പോർട്ട് പോലെ പൂർണ്ണവും താൽപര്യം ജനിപ്പിക്കുന്നതും ആയിരിക്കുകയില്ല, ഒരു ചെറിയ എഴുത്ത് മാത്രം അയക്കുന്നത്. കൂടാതെ പ്രവർത്തനങ്ങളെ കുറിച്ച് ചോദ്യങ്ങൾ ചോദിച്ച് വിശദമായ വിവരം ലഭിക്കുന്നതിനും അത് സഹായകരമാകും.

പിന്തുണക്കുന്ന ഇടവകകൾക്കും അവരുടെ മിഷ്ണറിമാർക്കും തമ്മിൽ ശക്തമായ ഒരു ബന്ധം ഉണ്ടാകുന്നതിന് സഹോദരന്മാരെ വിവരങ്ങൾ അറിയി

ക്കണം എന്നത് തിരുവെഴുത്ത് കീഴ്‌വഴക്കമാണ്. വിദേശത്തുനിന്ന് സഹായിക്കുന്നവർക്ക് വിവരം ലഭിക്കുമ്പോൾ ഉപകാരപ്രദമാകുന്നു, മാത്രമല്ല ഇടവക മൊത്തത്തിൽ വിവരങ്ങൾ മനസിലാക്കുന്നവർ, മിഷ്ണറിമാർക്കും അവരുടെ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കും.

**തിഹിക്കൊസ് പ്രശംസിക്കപ്പെട്ട സഹ പ്രവർത്തകൻ (4:7-9)**

എല്ലാ ക്രിസ്ത്യാനികളിലും വേണമെന്ന് ആഗ്രഹിക്കാവുന്ന ഗുണങ്ങളാണ് തിഹിക്കൊസിനുണ്ടായിരുന്നത് എന്ന് ചിത്രീകരിച്ചിരിക്കുന്നു. നാം മറ്റുള്ളവരുമായി ചേർന്ന് സുവിശേഷപ്രവർത്തനം നടത്തുമ്പോൾ, തിഹിക്കൊസിനെ പൗലൊസ് കണ്ടതുപോലെ നാം അവരെ കാണണം. കൂടാതെ നമ്മുടെ സഹ പ്രവർത്തകരിൽ നല്ല ഗുണങ്ങൾ കാണുമ്പോൾ, നാം അവരെ പ്രശംസിക്കണം. തിഹിക്കൊസിനെ അവൻ വിശേഷിപ്പിച്ചതു ശ്രദ്ധിക്കുക:

"*പ്രിയ സഹോദരൻ.*" ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ സ്നഹം ഉള്ളവരായിരിക്കണം. കർത്താവിൽ വിശ്വസ്തരായി ജീവിക്കുന്നവർ സ്നേഹത്തിനു ം ബഹുമാനത്തിനും അർഹരാണ്. ചിലപ്പോൾ സേവനം നടത്തുവാനാഗ്രഹിക്കുന്നവർ അസൂയ നിമിത്തം മറ്റുള്ളവരെ സ്നേഹിക്കാതിരിക്കും. ഇത് ഒരിക്കലും സംഭവിക്കരുത്, കാരണം അത്തരം വികാരം മൽസരവും കൈപ്പും പുറപ്പെടുവിക്കും.

"*വിശ്വസ്ത ദാസൻ.*" മരണപര്യന്തം യേശുവിനോട് സത്യസന്ധത പുലർത്തുന്നവരാണ് വിശ്വസ്തരായിരിക്കുന്നത് (വെളി. 2:10) കാരണം പുതുജീവന്റെ പ്രത്യാശയുള്ളത് ക്രിസ്തുവിലാണ് (1 കൊ. 15:19, 20, 58), സ്വർഗത്തിൽ നിത്യജീവനുമുണ്ട് (1 പത്രൊ. 1:3, 4), യേശുവിന്റെ രൂപത്തോട് അനുരൂപപ്പെടുവാനും കഴിയുന്നു (1 യോഹ. 3:2, 3). പിശാചിൽനിന്നു പരീക്ഷണമോ, അവിശ്വസ്ത സഹോദരന്മാരോ, നിരാശയോ, ഉപദ്രവമോ ഒന്നും സ്ഥിരമായ പരിശ്രമത്തെ പിന്തിരിപ്പിക്കുകയില്ല.

"*സഹ-ഭൃത്യൻ.*" പാപത്തിന്നു ദാസരായി തീർന്നവർക്ക് യേശുവിനെ അനുസരിച്ചാൽ നീതിക്കു ദാസന്മാരായി തീരാം (റോമ. 6:17, 18). ക്രിസ്തുവിന്റെ ദാസന്മാർ യോജിച്ച് അവന്റെ പ്രവൃത്തി ചെയ്യണം. യേശുവിന്നു വേണ്ടി പ്രവർത്തിക്കുമ്പോൾ, പൗലൊസിന്റെയും തിഹിക്കൊസിന്റെയും മാതൃകയാണ് സ്വീകരിക്കേണ്ടത്.

വിശ്വസ്ത സന്ദേശ വാഹകന്റെ നല്ല ഒരു മാതൃകയാണ് തിഹിക്കോസ്. അവനെ മാതൃകയായി എടുത്ത് ക്രിസ്ത്യാനികൾ താഴെ പറയുന്ന കാര്യങ്ങൾക്ക് വേണ്ടി പരിശ്രമിക്കണം:

(1) വിശ്വാസയോഗ്യമായിരിക്കുക. പൗലൊസിന് പ്രസാദകരമായി തന്റെ വിവരങ്ങൾ എല്ലാം തിഹിക്കൊസ് അവതരിപ്പിക്കുമെന്ന് അവനു വിശ്വാസമുണ്ടായിരുന്നു. മറ്റുള്ളവരെ കുറിച്ച് പറയുന്നവർ അത് പൂർണ്ണമായും ശരിയാണോ എന്നു അറിഞ്ഞിരിക്കണം. തെറ്റായ വിവരങ്ങൾ ഇടവകയെ വ്രണപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തേക്കാം. ചിലപ്പോൾ, ക്രിസ്ത്യാനികൾ അവർക്ക് അറിയാവുന്ന എല്ലാം പറയാതിരിക്കുകയാണ് നല്ലത് (അത് വാസ്തവമാണെങ്കിൽ പോലും). യാക്കൊബ് എഴുതി, "അന്യോന്യം ഭോഷ്ക്ക് പറയരുത്" (യാക്കൊ. 4:11).

മറ്റുള്ളവരെ കുറിച്ച് സംസാരിക്കുന്നതിനു മമ്പ് നമുക്ക് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ ചോദിക്കാം:

“അത് സത്യമാണോ?”
“അത് ദയയോടുകൂടിയതാണോ?”
“അത് ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടോ?”
“അത് വ്രണപ്പെടുത്തുന്നതോ അതോ പ്രയോജനപ്പെടുത്തുന്നതോ?”
“ഇതേപോലെ, മറ്റുള്ളവർ എന്നെ കുറിച്ച് പറഞ്ഞു കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നോ?”
“ഞാൻ പറയുവാൻ പോകുന്നത് യേശുവിന്റെ ന്യായവിധി നാളിൽ നീതീകരിക്കപ്പെടുമോ?”

(2) പ്രോൽസാഹിപ്പിക്കുന്നവനാകുക. മറ്റുള്ളവരെ പ്രോൽസാഹിപ്പിക്കുവാനുള്ള തിഹിക്കൊസിന്റെ കഴിവിനെ കുറിച്ച് നമുക്ക് അധികം അറിയില്ല. പ്രബോധിപ്പിക്കുവാൻ കഴിവുള്ള ക്രിസ്ത്യാനിക്ക് ഉദാഹരണമാണ് ബർന്നബാസ്. അതുകൊണ്ടാണ് അവനെ അപ്പൊസ്തലന്മാർ “പ്രബോധന പുത്രൻ” എന്നു വിളിച്ചത് (പ്രവൃ. 4:36). പൗലൊസ് ക്രിസ്ത്യാനിയായപ്പോൾ, അവന്റെ കരുതലിൽ നിറുത്തുകയും അവനെ സ്വീകരിപ്പാനായി മറ്റു അപ്പൊസ്തലന്മാരെ പ്രചോദിപ്പിക്കുകയും ചെയ്തു (പ്രവൃ. 9:27). അന്ത്യോക്യയിലെ പ്രവർത്തനത്തെ സഹായിക്കുവാനായി അപ്പൊസ്തലന്മാർ ബർന്നബാസിനെ തിരഞ്ഞെടുത്തപ്പോൾ, അവൻ പൗലൊസിനേയും പ്രവർത്തനത്തിൽ ഉൾപ്പെടുത്തി. പിന്നീട് അവൻ മർക്കൊസിനെ കർത്താവിന് ഉപയോഗമുള്ള പ്രവർത്തകനാക്കി മാറ്റുന്നതിന് പ്രബോധിപ്പിക്കയുണ്ടായി (2 തിമൊ. 4:11).

(3) വിശ്വസ്തനായ സഹപ്രവർത്തകനാകുക. തിഹിക്കൊസും ഒനേസിമോസും നല്ല ഒരു ടീമായിരുന്നിരിക്കണം. ഒനേസിമോസ് മുൻപ് ഒരു ദാസൻ ആയിരുന്നു എങ്കിലും, അവർക്ക് ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിഞ്ഞിരുന്നു. പശ്ചാത്തലമോ സമൂഹത്തിലെ നിലവാരമോ നോക്കാതെ കർത്താവിന്നു വേണ്ടി വേല ചെയ്യുവാൻ ക്രിസ്ത്യാനികൾ ശീലിക്കണം. സഹക്രിസ്ത്യാനികളുമായി ചേർന്ന് യോജിച്ച് പ്രവർത്തിക്കത്തക്കവണ്ണം ക്രിസ്ത്യാനിയെ അവന്റെ രൂപത്തോട് അനുരൂപപ്പെടുത്തുവാൻ യേശുവിന് കഴിയും.